THURSDAY 02-12-2021 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananhapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 02/12/2021

1. അസംഘടിത തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് സമഗ്രമായ ഒരു ഡാറ്റാബേസ് തയ്യാറാക്കുന്നതിനായി ഇപ്രകാരമുള്ള തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് കേന്ദ്ര സർക്കാർ തയ്യാറാക്കിയ e - SHRAM പോർട്ടലിൽ വിവിധ മേഖലയിൽ ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികൾ 2021 ഡിസംബർ 31 – നു മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതുപ്രകാരം കാർഷിക മേഖലയിലെ അസംഘടിത തൊഴിലാളികൾ ഡിസംബർ 31 നു മുൻപായി www.eshram.gov.in എന്ന വെബ് പോർട്ടലിലൂടെ രജിസ്റ്റർ ചെയ്യണമെന്ന് കൃഷി ഡയറക്ടർ അറിയിച്ചു. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് ഏകീകൃത തിരിച്ചറിയൽ കാർഡും ലഭിക്കുന്നതാണ്.

2. തിരുവനന്തപുരം ജില്ലയിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി/സംഘടനയെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ജില്ലാ തലത്തിൽ തിരഞ്ഞെടുത്ത് പുരസ്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച വ്യക്തികൾ, രജിസ്റ്റേർഡ് സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങൾ സഹിതം **ഡിസംബർ മാസം 10-ാം** തീയതിയ്ക്കകം തിരുവനന്തപുരം ജില്ല വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. കഴിഞ്ഞ മൂന്ന് വർഷത്തിൽ അവാർഡ് ലഭിച്ചവരെ ഈ വർഷം അവാർഡിനായി പരിഗണിക്കുന്നതല്ല. തെരെഞ്ഞെടുക്കുന്നവർക്ക് 10000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നതാണ്. അപേക്ഷാ ഫോറത്തിന് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിക്കുന്നു

3. ഈ വർഷത്തെ ലോക മണ്ണുദിനത്തോടനുബന്ധിച്ച് ഡിസംബർ 5 വരെ മണ്ണു ദിന വാരാഘോഷമായി നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്തെ സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ശാല **മണ്ണ് ദിന സെമിനാർ, കേരളത്തിലെ വിവിധയിനം മണ്ണിനങ്ങൾ ഉൾപ്പെടെയുള്ളവയുടെ പ്രദർശനം, മണ്ണ് പരിശോധനാ ക്യാമ്പയിൻ** എന്നിവ സംഘടിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി ഇന്ന് (ഡിസംബർ 2-ന്) പാറോട്ടുകോണം സെൻട്രൽ സോയിൽ പ്ലാന്റ് ഹെൽത്ത് സെന്റർ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

(സി.എസ്.പി.എച്ച്.സി) ഹാളിൽ സി.എസ്.പി.എച്ച്.സി-യും, ജില്ലാ മണ്ണുപരിശോധനാ ലാബും (ഡി.എസ്.റ്റി.എൽ) സംയുക്തമായി അന്താരാഷ്ട്ര മണ്ണു ദിന സെമിനാറും ഡിസംബർ 4-ന് തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിലെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾക്ക് വേണ്ടി പ്രദർശനവും, സെമിനാറും, മണ്ണ് ദിന ക്വിസും, മണ്ണ് പരിശോധനാ ക്യാമ്പും ജില്ലാ മണ്ണു പരിശോധനാ ശാലയ്ക്കൊപ്പം സംഘടിപ്പിച്ചിരിക്കുന്നു.

4. ഷീറ്റുറബ്ബറുണ്ടാക്കുന്ന കർഷകർക്ക് പ്രോത്സാഹനമായി റബ്ബർബോർഡ് ധനസഹായം നൽകുന്നു. റബ്ബർപാലിന്റെയും ആർ.എസ്.എസ്. 4 ഷീറ്റിന്റെയും വിപണിവിലകളിലെ വ്യത്യാസം കണക്കാക്കി കിലോഗ്രാമിന് പരമാവധി രണ്ടു രൂപ വരെ കർഷകർക്ക് പ്രോത്സാഹനമായി നൽകുന്നതിനാണ് ബോർഡ് പദ്ധതിയിട്ടിരിക്കുന്നത്. റബ്ബറുത്പാദകസംഘങ്ങളിലോ റബ്ബർബോർഡ് കമ്പനികളിലോ ഷീറ്റുറബ്ബർ നൽകുന്ന കർഷകർക്കായിരിക്കും ഈ ആനുകൂല്യം ലഭിക്കുക. 2021 ഡിസംബർ മുതൽ 2022 ഫെബ്രുവരി വരെ മൂന്നു മാസത്തേക്കുള്ള പദ്ധതിക്കാലത്ത് ഒരു കർഷകന് പരമാവധി 5000 രൂപ വരെ ധനസഹായത്തിന് അർഹതയുണ്ടായിരിക്കും. പദ്ധതി സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡിന്റെ ഫീൽഡ് സ്റ്റേഷനുകളിലോ റീജിയണൽ ഓഫീസുകളിലോ കേന്ദ്ര ഓഫീസിലെ **0481 2576622** എന്ന കോൾസെന്റർ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

5. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ, പൊടികൾ, വിവിധ തരം അച്ചാറുകൾ, ജാം, പഴംഹൽവ തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടുതൽ വിവരങ്ങൾക്ക് **0487 – 2370773, 8089173650** എന്നീ ഫോൺ നമ്പരുകളിലോ ccmannuthy@kau.in എന്ന മെയിലിലോ ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടികൾ**

6. വെള്ളായണി കാർഷിക കോളേജ് വി.എച്ച്.എസ്.സി (അഗ്രിക്കൾച്ചർ) പാസ്സായ വിദ്യാർഥികൾക്കായി **ഫിനിഷിങ് സ്കൂൾ പരിശീലന**പരിപാടി സംഘടിപ്പിക്കുന്നു. നൈപുണ്യ വികസന

അടിസ്ഥാനത്തിൽ ഊന്നിയുള്ള പരിശീലനത്തിലൂടെ വിദ്യാർഥികളുടെ തൊഴിൽ സാധ്യത വർധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കാർഷികകോളേജിൽ സംഘടിപ്പിക്കുന്ന പരിശീലനത്തിന് ശേഷം രണ്ടു മാസത്തെ അപ്രന്റീസ് പരിശീലനവും ഉണ്ടായിരിക്കും. പരിശീലനപരിപാടി തികച്ചും സൗജന്യമാണ്. താല്പര്യമുള്ളവർ സർട്ടിഫിക്കറ്റുകളുടെ അസ്സൽ പകർപ്പോടു കൂടിയുള്ള അപേക്ഷ അസ്സോസിയേറ്റ് പ്രൊഫസർ ആൻഡ് ഹെഡ്, ട്രെയിനിങ് സർവീസ് സ്കീം, കാർഷികകോളേജ്, വെള്ളായണി-695522 എന്ന വിലാസത്തിൽ **ഡിസംബർ 5** നുമുമ്പായി സമർപ്പിക്കേണ്ടതാണ്.

7. ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് ക്ഷീരകർഷകർക്കായി **പാലുത്പന്നങ്ങളുടെ നിർമ്മാണം** എന്ന വിഷയത്തിൽ ഈ മാസം 6 മുതൽ 17 വരെ (**ഡിസംബർ 6 മുതൽ** 17 തീയതികളിൽ) പത്ത് ദിവസത്തെ ക്ലാസ് റൂം പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ ഡിസംബർ 6-ന് രാവിലെ 10 മണിക്ക് മുമ്പായി **8075028868, 9947775978, 0476-2698550** എന്നീ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പ്രവേശനം. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാർ കാർഡ്, രണ്ട് ഡോസ് കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

8. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 9, 10 തീയതികളിൽ കറവപ്പശുപരിപാലനം, 22-ന് പന്നി വളർത്തൽ എന്നീ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0484-2631355** എന്ന ഫോൺ നമ്പരിൽ വിളിച്ചോ, **9188522708** എന്ന നമ്പരിൽ വാട്ട്സാപ്പ് സന്ദേശമയച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## കാർഷിക നിർദ്ദേശങ്ങൾ

9. പപ്പായയിൽ മീലിമുട്ടയെ നിയന്ത്രിക്കുന്നതിനായി **അസിരോഫാഗസ്** എന്ന മിത്രപ്രാണിയെ ശാസ്ത്രീയമായി ഉപയോഗിക്കാം. വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലെ ബിസിസിപി വിഭാഗത്തിൽ ഇതിന്റെ വംശവർദ്ധനവ് ചെയ്തുകൊടുക്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്കായി **0487-2438471** എന്ന നമ്പരിൽ ബന്ധപ്പെടുക.